**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3578** **14-07-2022 - ൽ മറുപടിയ്ക്ക്**

**പേരാമ്പ്ര മണ്ഡലത്തിലെ കെ.എസ്.ആർ.ടി.സി. ബസ് സർവ്വീസുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. പി .രാമകൃഷ്ണൻ | | ശ്രീ ആന്റണി രാജു<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | പേരാമ്പ്ര മണ്ഡലത്തിലെ വിവിധ പ്രദേശങ്ങളിലൂടെ കോഴിക്കോട് മെഡിക്കൽ കോളേജിലേക്ക് എത്ര കെ.എസ്.ആർ.ടി.സി. ബസ്സുകൾ സർവ്വീസ് നടത്തിയിരുന്നു; വ്യക്തമാക്കാമോ; | (എ) | പേരാമ്പ്ര മണ്ഡലത്തിലെ വിവിധ പ്രദേശങ്ങളിലൂടെ കോഴിക്കോട് മെഡിക്കൽ കോളേജിലേക്ക് തൊട്ടിൽപ്പാലം, വടകര യൂണിറ്റുകളിൽ നിന്നും 4 സർവ്വീസുകൾ നടത്തിയിരുന്നു.<br>1. 05.00 തൊട്ടിൽപ്പാലം – പേരാമ്പ്ര - മെഡിക്കൽ കോളേജ്<br>2. 04.35 തൊട്ടിൽപ്പാലം – പേരാമ്പ്ര – മെഡിക്കൽ കോളേജ്<br>3. 04.40 വടകര – മെഡിക്കൽ കോളേജ്<br>4. 13.30 വടകര – മേപ്പയൂർ - മെഡിക്കൽ കോളേജ് |
| (ബി) | അവയിൽ എത്ര ബസ്സുകൾ നിലവിൽ സർവ്വീസ് നിർത്തിവെച്ചിട്ടുണ്ട്; വിശദമാക്കാമോ; | (ബി) | തൊട്ടിൽപ്പാലം ഡിപ്പോയിലെ ഒന്നും, വടകര ഡിപ്പോയിലെ ഒരു സർവ്വീസും ഉൾപ്പെടെ രണ്ട് സർവ്വീസുകൾ നിർത്തലാക്കിയിട്ടുണ്ട്.<br>1. 05.00 തൊട്ടിൽപ്പാലം – പേരാമ്പ്ര – മെഡിക്കൽ കോളേജ്<br>2. 13.30 വടകര – മെഡിക്കൽ കോളേജ്. |
| (സി) | സർവ്വീസ് നിർത്തിവെച്ചതിന്റെ കാരണം അറിയിക്കാമോ; | (സി) | കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിലും യാത്രക്കാർ കുറവായതിനാലുമാണ് പ്രസ്തുത സർവ്വീസുകൾ നിർത്തലാക്കിയത്. |
| (ഡി) | പ്രസ്തുത സർവ്വീസ് പുനരാരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (ഡി) | നിർത്തലാക്കിയ സർവ്വീസുകളുടെ ലാഭകരമായതും ജനങ്ങൾക്ക് ഉപകാരപ്രദമായ ട്രിപ്പുകൾ പുനഃക്രമീകരിച്ച് മറ്റ് സർവ്വീസുകളിൽ ഉൾപ്പെടുത്തിയിട്ടുമുണ്ട്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി ചേർന്ന് ഗ്രാമവണ്ടി പദ്ധതിയിൽ ഉൾപ്പെടുത്തി കൂടുതൽ സർവ്വീസുകൾ ഓപ്പറേറ്റ് ചെയ്യുന്നതിന് നടപടികൾ സ്വീകരിച്ച് വരുന്നു. ഇത്തരത്തിൽ പുതിയ സർവ്വീസുകൾ ജനോപകാരപ്രദമായി ആരംഭിക്കുന്നതിനും പദ്ധതി |

| | | | |
|---|---|---|---|
| | | | നടപ്പാക്കി വരുന്നു. ഇത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ ഡീസൽ തുക മാത്രം ലഭ്യമാക്കിയാൽ എത്രയും വേഗം ആരംഭിക്കുവാൻ കഴിയും. |

സെക്ഷൻ ഓഫീസർ